LIBRARY ARCHIVES Kerala Legislative Assembly

ഈ പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് 25,000 രൂപയ്ക്കുള്ള സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. പല പ്രാവശ്യം ടെണ്ടറും, റീ-ടെണ്ടറും ഇ-ക്വട്ടേഷനും റീ-ക്വട്ടേഷനും നടത്തിയിട്ടുള്ളതാണ്. എന്നാൽ ഇപ്പോൾ മാന്വൽ റീ-ക്വട്ടേഷൻ നടത്തി ലഭിച്ച സിംഗിൾ ക്വട്ടേഷന് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത റോഡ് വികസനം പ്രാവർത്തികമാക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) പ്രസ്തുത പ്രവൃത്തി നടപ്പാക്കാനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ?

നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മണപ്ര-എടത്വ റോഡ് നവീകരണം

35(4045) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമുടി പഞ്ചായത്തിലേയ്ക്കുള്ള ഏറ്റവും പ്രധാന ഗതാഗത മാർഗ്ഗമായ മണപ്ര-എടത്വ റോഡ് മണ്ണിട്ട് ഉയർത്തി നവീകരിക്കാത്തതുമൂലം ഉണ്ടാകുന്ന യാത്രാക്ലേശം രൂക്ഷമായതിനാൽ പ്രസ്തുത റോഡിന്റെ നവീകരണം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

മണപ്ര-എടത്വ റോഡിൽ മണപ്ര മുതൽ പുല്ലങ്കടി വരെ 2.150 കി.മീ. റോഡ് 2018-ൽ പൊതുമരാമത്ത് വകുപ്പ് ഫോർമേഷൻ ചെയ്ത് പൂർത്തീകരിച്ചിട്ടുള്ളതാണ്. ഇതിനുശേഷം വരുന്ന റീച്ചിനായി നിലവിൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

(ബി) പ്രസ്തുത റോഡിന്റെ നവീകരണം സമയബന്ധിതമായി തീർക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കുമോ?

ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

കൊണ്ടോട്ടി മണ്ഡലത്തിൽ റോഡിനായി സ്ഥലമേറ്റെടുക്കൽ

36(4046) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി മണ്ഡലത്തിൽ ഫാറൂഖ് കോളേജ്-വാഴക്കാട് റോഡിൽ ചിറ്റാരിക്കുന്ന് മുതൽ ഊർക്കടവ് വരെ ഭാഗത്ത് റോഡിനുവേണ്ടി സ്ഥലമേറ്റെടുക്കുന്നതിന് ഭരണാനുമതി ലഭിച്ചിരുന്നോ; എങ്കിൽ എന്നാണ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

14-7-2009-ലെ സ.ഉ.(സാധാ) നമ്പർ 1045/2009/പൊ.മ.വ. പ്രകാരം ഫാറൂക്ക് കോളേജ് - വാഴക്കാട് റോഡ് ഭൂമി ഏറ്റെടുത്ത് നവീകരിക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നു.

(ബി) സ്ഥലമേറ്റെടുപ്പിന്റെ ഏതെല്ലാം ഘട്ടം പൂർത്തിയാക്കിയെന്നും ഇനി എന്തെല്ലാമാണ് പൂർത്തിയാക്കാനുള്ളതെന്നും അവ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കുമോ?

ഭൂമി ഏറ്റെടുക്കൽ പ്രവൃത്തിക്ക് റവന്യൂ വകുപ്പിന്റെ ഭരണാനുമതി ലഭ്യമാക്കിയശേഷം റിക്വസിഷൻ സമർപ്പിച്ചിരുന്നതും തുടർന്ന് സർവ്വേ നിയമ പ്രകാരമുള്ള 6(1) വിജ്ഞാപനം 14-3-2013-ന് പുറത്തിറക്കിയിരുന്നതുമാണ്. എന്നാൽ ഭൂമി വില സംബന്ധിച്ച നെഗോസിയേഷനിൽ തീരുമാന മാകാത്തതിനാൽ തുടർപ്രവർത്തനങ്ങളൊന്നുംതന്നെ നടന്നിട്ടില്ല. പൊതുമരാമത്ത് വകുപ്പിന്റെ ഭൂമി ഏറ്റെടുക്കലിന്റെ ഭരണാനുമതി കാലഹരണപ്പെട്ടതിനാൽ പുതിയ ഭരണാനുമതി ഉത്തരവ് നൽകിയശേഷം മാത്രമേ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തി പുനരാരംഭിക്കാൻ സാധിക്കുകയുള്ളൂ.

(സി) കാലാവധി കഴിഞ്ഞ ഭരണാനുമതി പുതുക്കുന്നതിനുവേണ്ടി മലപ്പുറം പൊതുമരാമത്ത് നിരത്തുകൾ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ 2020 ഡിസംബർ 9-ാം തീയതി ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച പുതുക്കിയ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

വള്ളിക്കുന്ന് മണ്ഡലത്തിലെ റോഡ് നവീകരണ പ്രവൃത്തികൾ

37(4047) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ മൂന്നിയൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് പോകുന്ന പരപ്പനങ്ങാടി-പാറക്കടവ്, തിരുരങ്ങാടി-മുട്ടിച്ചിറ എന്നീ പൊതുമരാമത്ത് റോഡുകൾ, ലാൻഡ് അക്വിസിഷനിലൂടെ വീതികൂട്ടി ആവശ്യമായ സ്ഥലം ഉയർത്തി വെള്ളം കെട്ടിനിൽക്കുന്നത് ഒഴിവാക്കുവാൻ ഡ്രൈനേജ് സ്ഥാപിക്കുന്നതടക്കമുള്ള നവീകരണ പ്രവൃത്തികൾക്ക് തുക അനുവദിച്ച് നൽകുമോ;

(ബി) ഇത് സംബന്ധിച്ച് വകുപ്പുതലത്തിൽ ലഭിച്ച നിവേദനങ്ങളിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?